പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 179 — 17.12.2012 - ൽ മറുപടിയ്ക്ക്

## വ്യാവസായിക ആവശ്യത്തിനുള്ള അസംസ്കൃതവസ്തുക്കളുടെ പ്ലാന്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.ബി.അബ്ദുൾ റസാക്ക്<br>ശ്രീ.വി.എം. ഉമ്മർമാസ്റ്റർ | കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വ്യാവസായിക ആവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ പ്ലാന്റേഷനു വേണ്ടി വനഭൂമി വിനിയോഗിക്കുന്നതിന് മാനദണ്ഡമെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) വ്യാവസായിക ആവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ പ്ലാന്റേഷനുവേണ്ടി വനഭൂമി വിനിയോഗിക്കുന്നത് സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. 1980 ന് മുൻപ് സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് തേക്കുതോട്ടങ്ങളും, വ്യാവസായിക ആവശ്യത്തിനായി യൂക്കാലി, ആൽബീസിയ, അക്കേഷ്യാ തുടങ്ങിയവയുടെ തോട്ടങ്ങളും അന്നത്തെ നിലവിലുണ്ടായിരുന്ന സർക്കാർ നയത്തിനനുസരിച്ച് നിർമ്മിച്ചിരുന്നു. 1980 നു ശേഷം സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് തോട്ടം നിർമ്മിക്കുന്ന പ്രവൃത്തി പൂർണ്ണമായും നിർത്തലാക്കി. |
| (ബി) സ്വാഭാവിക വന വിസ്തൃതിയുടെ എത്ര ശതമാനമാണ് പ്ലാന്റേഷന് വേണ്ടി വിനിയോഗിക്കാൻ നീക്കി വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) വന വിസ്തൃതിയുടെ ശതമാനമനുസരിച്ചല്ല പ്ലാന്റേഷൻ നിർമ്മിച്ചിട്ടുള്ളത്. 1980 നുശേഷം നിലവിലുള്ള തോട്ടങ്ങൾ അതിന്റെ കാലാവധി (റൊട്ടേഷൻ) എത്തുമ്പോൾ മുറിച്ച് നീക്കം ചെയ്യും. അവയുടെ സ്ഥാനത്താണ് പുതിയ തോട്ടങ്ങൾ നിർമ്മിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | സ്വാഭാവിക വനം നിലനിൽക്കുന്ന ഭൂപ്രദേശം പ്ലാന്റേഷനുവേണ്ടി ക്ലിയർ ഫെല്ലിംഗ് നടത്താറുണ്ടോ; ഏതൊക്കെ തരം മരങ്ങളാണ് വ്യാവസായിക ആവശ്യത്തിന് പ്ലാന്റ് ചെയ്യാറുള്ളത് എന്ന് വെളിപ്പെടുത്തുമോ? | (സി) | 1980 - നുശേഷം സ്വാഭാവിക വനപ്രദേശം പ്ലാന്റേഷനുവേണ്ടി ക്ലിയർ ഫെല്ലിംഗ് നടത്താറില്ല. യൂക്കാലി, അക്കേഷ്യ, അൽബീസിയ, മട്ടി, ഇലവ്, കാറ്റാടി തുടങ്ങിയ തരം മരങ്ങളാണ് വ്യാവസായിക ആവശ്യത്തിനായി പ്ലാന്റ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**